**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **07-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി നോർത്ത് മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി അഴിക്കോട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി ഘടകങ്ങൾ താഴെപറയുന്നു. 1. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി-70% പ്രവൃത്തി പൂർത്തീകരിച്ചു. 3. നാറാത്ത് ബോട്ട് ജെട്ടി- പ്രവൃത്തി ആരംഭിച്ചിട്ടില്ല. 4. വളപ്പട്ടണം മേജർ ബോട്ട് ടെർമിനൽ -50% പ്രവൃത്തി പൂർത്തീകരിച്ചു. 5. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി- 38% പ്രവൃത്തി പൂർത്തീകരിച്ചു. 6. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി- 50% പ്രവൃത്തി പൂർത്തീകരിച്ചു. 7. ഭഗത് സിങ് ഐലൻറ് ബോട്ട് ജെട്ടി (2 എണ്ണം)- ടെക്നിക്കൽ സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്. പാപ്പിനിശ്ശേരി- ആർട്ടിസാൻസ് ആല, വളപ്പട്ടണം പാർക്കിംഗ് യാർഡ്, ആർട്ടിസാൻസ് ആല, ഫ്ലോട്ടിംഗ് മാർക്കറ്റ്, ഭഗത് സിംഗ് ഐലന്റിൽ- ഗാർഡൻ, ബോർഡ് വാക്, ബയോ ടോയലറ്റ് ഗാർഡൻ ലൈറ്റുകൾ, ചൈനീസ് നെറ്റ്, റെസ്റ്റ് റൂം, വേസ്റ്റ് കളക്ഷൻ പോയിന്റ്, വേസ്റ്റ് ബിൻ എന്നിങ്ങനെയുള്ള പ്രവൃത്തികൾ സി.ആർ. ഇസഡ് ക്ലീയറൻസ് ലഭ്യമായതിന് ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളു. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി കെൽ (KEL) ആണ്. കണ്ണൂർ ഡി.ടി.പി.സി നിർവ്വഹണ ഏജൻസിയായി നടത്തി വരുന്ന കാട്ടാമ്പള്ളിക്കടവ് അഡ്വഞ്ചർ കയാക്കിങ് വാട്ടർ സ്പോർട്സ് പദ്ധതി പൂർത്തീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ